A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

GI -603

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## ഗണിതം

ക്ലാസ്സ് : VI

സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 30. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

**പ്രവർത്തനം – 1**

**പഠനനേട്ടങ്ങൾ**

- വ്യാപ്തം, ഉള്ളളവ് എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ഘന സെ.മീ., ഘന മീറ്റർ, മില്ലി മീറ്റർ, ലിറ്റർ എന്നീ അളവുകൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.

**സൂചകങ്ങൾ**

a. വ്യാപ്തം കാണേണ്ടത് നീളവും വീതിയും ഉയരവും ഗുണിച്ചാണ് എന്ന് ധാരണയുണ്ട്. (1 സ്കോർ)
വ്യാപ്തം കൃത്യമായി കണക്കാക്കാനറിയാം, യൂണിറ്റ് എഴുതിയിട്ടുണ്ട്. (1 സ്കോർ)
(20x10x5=1000 ഘന സെ.മീ.)

b. ഏതെങ്കിലും ഒരു വശം ഇരട്ടിയായാൽ വ്യാപ്തംഇരട്ടിയാകും എന്ന ധാരണ ഉപയോഗപ്പെടുത്തി വശങ്ങൾ കണക്കാക്കിയാൽ
അല്ലെങ്കിൽ
വ്യാപ്തത്തിന്റെ ഇരട്ടി കണ്ട് അതിനെ ഏതെങ്കിലും മൂന്നുസംഖ്യകളുടെ ഗുണനഫലമായി എഴുതിയാലും സ്കോർ നൽകാവുന്നതാണ്
(ക്രിയാരീതി കണ്ടെത്തിയിട്ടുണ്ട്) (1 സ്കോർ)
(ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്) (1 സ്കോർ)

c. ഘനസെന്റീമീറ്റർ, ഘനമീറ്റർ ബന്ധം ഉപയോഗപ്പെടുത്തി പ്രശ്നപരിഹരണം നടത്താനറിയാം. (1000 എന്ന് കണ്ടെത്തിയിട്ടുണ്ട്) (1 സ്കോർ)

**പ്രവർത്തനം – 2**

**പഠനനേട്ടങ്ങൾ**

- സംഖ്യാ ബന്ധങ്ങളുടെ യുക്തി കണ്ടെത്തി വിശദീകരിക്കുന്നു.
- ഒരു സംഖ്യയുടെ എല്ലാ ഘടകങ്ങളും കണ്ടെത്താതെ തന്നെ ഘടകങ്ങളുടെ എണ്ണം കണ്ടെത്തുന്നതിനുള്ള മാർഗം രൂപീകരിക്കുന്നു, സമർത്ഥിക്കുന്നു.

സൂചകങ്ങൾ

a) തന്നിരിക്കുന്ന സംഖ്യകളും അവയുടെ ഘടകങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തി പട്ടിക പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. (2 സ്കോർ)
(ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ -1 സ്കോർ)

b) അഭാജ്യഘടകങ്ങളുടെ എണ്ണവും ആകെ ഘടകങ്ങളുടെ എണ്ണവും തമ്മിലുള്ള ബന്ധം മനസ്സിലാക്കി ഉത്തരമെഴുതിയിട്ടുണ്ട്. (7x7 = 49) (1 സ്കോർ)

c) സംഖ്യയിലെ പൂജ്യങ്ങളുടെ എണ്ണവും ഘടകങ്ങളുടെ എണ്ണവും തമ്മിലുള്ള ബന്ധം കണ്ടെത്തിയിട്ടുണ്ട്.(സംഖ്യകളുടെ എണ്ണം പൂജ്യങ്ങളുടെ എണ്ണത്തിന്റെ രണ്ടു മടങ്ങ്)(1 സ്കോർ)
ആകെ സംഖ്യകളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ട്. (7x2 = 14 or 7+7=14) (1 സ്കോർ)

## പ്രവർത്തനം -3

**പഠനനേട്ടം**

- മെട്രിക് അളവുകളെ ദശാംശരൂപത്തിലെഴുതുന്നു. ദശാംശരൂപത്തിലുള്ള അളവുകളുടെ തുകയും വ്യത്യാസവും ഉൾപ്പെടുന്ന പ്രയോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.

**സൂചകങ്ങൾ**

(a) തന്നിരിക്കുന്ന വിവരങ്ങളെ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുന്നു (1 സ്കോർ)
(ക്രമനമ്പർ, പേര്, ചാടിയ ദൂരം, ദശാംശരൂപം)
എല്ലാ അളവുകളേയും വ്യഖ്യാനിച്ച് ദശാംശരൂപത്തിലേക്ക് മാറ്റിയിട്ടുണ്ട് (2 സ്കോർ)
(ഏതെങ്കിലും 2 എണ്ണം ശരിയാക്കിയാൽ -1 സ്കോർ)

(b) അളവുകളെ താരതമ്യം ചെയ്ത് വല്യപ്പത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. (1 സ്കോർ)
(ജോസ് - 3.50 മീ., സുരേഷ് - 3.45 മീ., ഷാജി - 3.40 മീ.)

(c) ഭിന്നസംഖ്യയെ വ്യാഖ്യാനിച്ച് ദശാംശരൂപത്തിലെഴുതിയിട്ടുണ്ട്. (0.005) (1 സ്കോർ)

## പ്രവർത്തനം - 4

**പഠനനേട്ടങ്ങൾ**

- വ്യാപ്തം, ഉള്ളളവ് എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ഘനസെന്റിമീറ്റർ, ഘനമീറ്റർ, മില്ലി ലിറ്റർ, ലിറ്റർ എന്നീ അളവുകൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.

**സൂചകങ്ങൾ**

(a) ഉള്ളളവ് കാണാൻ അകത്തെ നീളം, വീതി, ഉയരം എന്നിവ ഗുണിക്കണം എന്ന ധാരണയുണ്ട്. (1 സ്കോർ)
ഉള്ളളവ് കണക്കാക്കിയാൽ (3 x 2 x 1 1/2 = 9 ഘനമീറ്റർ) (1 സ്കോർ)
ഘനമീറ്ററിനെ ലിറ്ററാക്കി മാറ്റിയാൽ (9000 ലിറ്റർ) (1 സ്കോർ)

(b) ലിറ്റർ, ഘനസെന്റിമീറ്റർ എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ധാരണയുണ്ട്. (1 സ്കോർ)
(4 ലിറ്റർ = 4000 ഘനസെന്റിമീറ്റർ)
വ്യാപ്തവും ഏതെങ്കിലും ഒരു വശത്തിന്റെ അളവും അറിഞ്ഞിരുന്നാൽ മറ്റുവശങ്ങളുടെ അളവുകളുടെ സാധ്യതകൾ കണ്ടെത്താൻ കഴിയുന്നു. (1 സ്കോർ)
[4000/50 = 80] 80 നെ 2 സംഖ്യകളുടെ ഗുണനഫലമായി എഴുതിയിട്ടുണ്ട്).
(ഒരു സാധ്യത എഴുതിയാൽ സ്കോർ നൽകാവുന്നതാണ്)

## പ്രവർത്തനം - 5

### പഠനനേട്ടങ്ങൾ

- ഒരു സംഖ്യയുടെ എല്ലാ ഘടകങ്ങളും കണ്ടെത്തുന്നതിനുള്ള മാർഗ്ഗം രൂപീകരിക്കുന്നു.
- സംഖ്യാബന്ധങ്ങളുടെ യുക്തി കണ്ടെത്തി വിശദീകരിക്കുന്നു.

### സൂചകങ്ങൾ

(a) ഒരു സംഖ്യയെ അഭാജ്യഘടകങ്ങളായി പിരിച്ചെഴുതുന്നതിനെക്കുറിച്ച് ധാരണയുണ്ട്.
എല്ലാ ഘടകങ്ങളും ശരിയായി കണ്ടെത്തി എഴുതിയിട്ടുണ്ട്. (1 സ്കോർ)
(2 x 2 x 2 x 3 x 3 x 5)

(b) ഓരോ അഭാജ്യഘടകത്തെയും മറ്റുഘടകങ്ങൾ കൊണ്ട് ഗുണിച്ച് എല്ലാ ഘടകങ്ങളും കണ്ടെത്തിയിട്ടുണ്ട്.

3 ഇല്ലാത്ത ഘടകങ്ങൾ കണ്ടെത്തിയാൽ
(1,2,4,8) (1 സ്കോർ)

3 ഉള്ള ഘടകങ്ങൾ കണ്ടെത്തിയാൽ
(3,6,12,24
9,18,36,72) (1 സ്കോർ)

5 ഉള്ള ഘടകങ്ങൾ കണ്ടെത്തിയാൽ
(5,10,20,40
15,30,60,120
45,90,180,360) (1 സ്കോർ)

(c) അഭാജ്യ[illegible]കളുടെ ഗുണനഫലവും അതിന്റെ ഘടകങ്ങളുടെ എണ്ണവും തമ്മിലുള്ള ബന്ധം അറി[illegible] (ഘടകങ്ങളുടെ എണ്ണം 4) (1 സ്കോർ)

## പ്രവർത്തനം - 6

### പഠനനേട്ടം

- ദശാംശരൂപത്തിലുള്ള അളവുകളുടെ തുകയും വ്യത്യാസവും ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

### സൂചകങ്ങൾ

(a) ഊഹത്തിന്റെ അടിസ്ഥാനത്തിൽ അളവുകൾ പരിശോധിച്ച് തുക 10 ആകാൻ സാധ്യതയുള്ള സംഖ്യകൾ കണ്ടെത്തുന്നു. (2 സ്കോർ)
(ദശാംശഭാഗങ്ങളുടെ തുക 1 ഉം സംഖ്യാഭാഗങ്ങളുടെ തുക 9 ഉം ആകാൻ സാധ്യതയുള്ള സംഖ്യകൾ കണ്ടെത്തി പരിശോധിക്കുന്നു.) (A യും E യും)

(b) അളവുകൾ പരിശോധിച്ച് നിശ്ചിത സംഖ്യ വ്യത്യാസമാകാൻ സാധ്യതയുള്ള അളവുകൾ കണ്ടെത്തുന്നു. (1 സ്കോർ)
(രണ്ട് ദശാംശ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം ഒരു എണ്ണൽ സംഖ്യയായാൽ അവയുടെ ദശാംശസ്ഥാനങ്ങൾക്ക് മാറ്റമുണ്ടാകില്ല എന്ന് തിരിച്ചറിയുന്നു.)
(അലി പാത്രം C യും മീര പാത്രം F ഉം ആണ് എടുത്തത്.)

(c) പ്രശ്നപരിഹരണത്തിനുള്ള മാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്.
(എല്ലാ അളവുകളുടെയും തുകയാണ് കാണേണ്ടത് എന്ന് കണ്ടെത്തിയിട്ടുണ്ട്.
(A+B+C+D+E) (1 സ്കോർ)
ശരിയായ ഉത്തരത്തിലെത്തിയിട്ടുണ്ട്. (35.3 കി.ഗ്രാം) (1 സ്കോർ)

***************